# മന്ത്രിസഭാ തീരുമാനങ്ങൾ

## (18.11.2009)

- തിരുവനന്തപുരം ജില്ലയിലെ പേട്ട വില്ലേജിലും കടകംപള്ളി വില്ലേജിലും ഉൾപ്പെട്ട 2.71 ഏക്കർ ഭൂമി രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജീസ് സെന്ററിന് പ്രതിവർഷം നൂറ് രൂപ നിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിന് നൽകാൻ തീരുമാനിച്ചു.

- സർക്കാർ ഉദ്യോഗങ്ങളിൽ ഓരോ നാൽപത് നിയമനങ്ങളിലും ഹിന്ദു-നാടാർ വിഭാഗത്തിന് ഒന്നും ലാസ്റ്റ് ഗ്രേഡ് അല്ലാത്ത തസ്തികകളിലേക്ക് ഓരോ നാല്പത് നിയമനങ്ങളിൽ ഒന്ന് എന്ന തോതിലും എസ്.ഐ.യു.സി.യിൽ ഉൾപ്പെടുന്ന നാടാർ വിഭാഗത്തിന് ലാസ്റ്റ് ഗ്രേഡ് തസ്തികളിലേക്കുള്ള നിയമനങ്ങളിൽ ഓരോ നാല്പത് നിയമനങ്ങളിൽ രണ്ടും ലാസ്റ്റ് ഗ്രേഡ് അല്ലാത്ത തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ ഓരോ നാല്പത് നിയമനങ്ങളിൽ ഒന്നും എന്ന തോതിലും സംവരണ ക്വാട്ട അനുവദിക്കാമെന്ന കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ശുപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു.

- ഇടുക്കി ജില്ലയിൽ ഒരു ഗ്രീൻഫീൽഡ് വിമാനത്താവളം നിർമ്മിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന്റെ കീഴിലുള്ള സ്റ്റീയറിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

- ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് എരുമേലി, റാന്നി, പെരിനാട് പഞ്ചായത്തുകൾക്ക് പതിനഞ്ച് ലക്ഷം രൂപ വീതവും പന്തളം പഞ്ചായത്തിനും ചെങ്ങന്നൂർ നഗരസഭയ്ക്കും പത്ത് ലക്ഷം രൂപ വീതവും കുറ്റിപ്പുറം, കൊടുങ്ങല്ലൂർ പഞ്ചായത്തുകൾക്ക് പത്ത് ലക്ഷം രൂപയും ഇടത്താവളങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അനുവദിക്കുവാൻ തീരുമാനിച്ചു.

- മുല്ലപ്പെരിയാർ ഡാമിൽ 130 അടി ഉയരത്തിൽ 18-ാം ബ്ലോക്കിൽ പുതുതായി ഒരു ചോർച്ച അനുഭവപ്പെട്ടതായി സർക്കാരിന് ബോദ്ധ്യമായി. ഇതിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ റിട്ടയർഡ് ചീഫ് എൻജിനീയർമാരായ എം.കെ. പരമേശ്വർ നായർ, ശശിധരൻ ഇറിഗേഷൻ ചീഫ് എൻജിനീയർ ലതിക എന്നിവരടങ്ങുന്ന വിദഗ്ധസംഘത്തെ നിയോഗിക്കാൻ തീരുമാനിച്ചു.

- വ്യാപാരി ക്ഷേമനിധിയിലെ അംഗങ്ങൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

- മാരാരിക്കുളത്തുനിന്നും പുന്നപ്ര ജംഗ്ഷന് സമീപം നവംബർ 13 ന് മത്സ്യബന്ധനത്തിന് പോകുമ്പോൾ അപകടത്തിൽ മരിച്ച മൂന്ന് മത്സ്യത്തൊഴിലാളികൾക്ക് രണ്ട്

ലക്ഷം രൂപ വീതവും ക്ഷേമനിധിയിൽ അംഗമല്ലാത്ത മത്സ്യത്തൊഴിലാളിക്ക് മൂന്ന് ലക്ഷം രൂപയും അനുവദിച്ചു.

- വി.കെ. ബാലകൃഷ്ണൻ ഐ.എ.എസ്സിനെ കണ്ണൂർ ജില്ലാകളക്ടറായി നിയമിക്കുവാൻ തീരുമാനിച്ചു.
- വാട്ടർ സപ്ലൈസ് സെക്രട്ടറിയായി ജയ തിലക് ഐ.എ.എസ്സിനെ നിയമിക്കുവാൻ തീരുമാനിച്ചു.
- ഇറിഗേഷൻ സെക്രട്ടറിയായി ഗുണവർദ്ധന ഐ.എ.എസ്സിനെ നിയമിക്കുവാൻ തീരുമാനിച്ചു.
- സ്വകാര്യ തോട്ടങ്ങളുടെ പാട്ടനിരക്ക് വർദ്ധിപ്പിക്കുവാൻ വേണ്ടി ചട്ടങ്ങൾക്ക് ഭേദഗതി ചെയ്യാൻ തീരുമാനിച്ചു. ഇന്ന് ഹെക്ടറിന് 3.70 രൂപ മുതൽ 12.35 രൂപവരെയാണ് സ്വകാര്യ തോട്ടങ്ങൾ നൽകുന്നത്. അത് പൊതുമേഖലാ സ്ഥാപനങ്ങൾ നൽകിവരുന്ന 1,300 രൂപയിലേക്ക് ഉയർത്താൻ കളക്ടർമാർക്ക് അധികാരം നൽകി. കളക്ടർമാർക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ ആക്ടിലെ 12(2എ) സർക്കാരിന് നൽകുന്ന അധികാരം ഉപയോഗിച്ചാണ് ഈ റൂൾസിലെ ഭേദഗതി. 1990 മുതൽ പാട്ടനിരക്ക് വർദ്ധിപ്പിക്കാനുള്ള ഗവൺമെന്റിന്റെ പരിശ്രമം ചില കാരണങ്ങളാൽ മുടങ്ങുകയായിരുന്നു.
- കാസർകോഡ് വെടിവെയ്പ്പിനെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ തീരുമാനിച്ചു.

******